**സാമൂഹികക്ഷേമ വകുപ്പ്**

# പൗരാവകാശരേഖ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

**ആമുഖം**

ജനാധിപത്യപ്രക്രിയയെ കൂടുതൽ അർത്ഥപൂർണമാക്കുന്നതിന്റേയും ശക്തിപ്പെടുത്തുന്നതിന്റേയും ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ പൗരാവകാശരേഖകൾ പുറത്തിറക്കുകയാണ്. ഓരോ വകുപ്പിൻ നിന്നും ലഭിക്കുന്ന സേവനങ്ങളെ പൗരന്റെ അവകാശമാക്കി സംരക്ഷിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഓരോ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, ഓരോ സേവനവും ലഭിക്കുന്ന ഓഫീസ്, അപേക്ഷിക്കേണ്ട വിധം, നിബന്ധനകൾ, ഫീസ്, സേവനം ലഭിക്കുന്നതിനുള്ള പരമാവധി സമയം എന്നിങ്ങനെയുള്ള വ്യവസ്ഥകളിലൂടെ സേവനങ്ങളെ പൗരന്റെ അവകാശമാക്കി ഉറപ്പുവരുത്തുവാൻ പൗരാവകാശരേഖ ഉപകരിക്കും.

സാമൂഹിക ക്ഷേമവകുപ്പ് തയ്യാറാക്കിയ പൗരാവകാശരേഖയാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. വകുപ്പിൽ നിന്നുള്ള സേവനം കൂടുതൽ ഫലപ്രദമായി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന് ഈ രേഖ സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു.

ഷീലാ തോമസ് ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

## സാമൂഹിക ക്ഷേമ വകുപ്പ്, പൗരാവകാശരേഖ

**ആമുഖം**

ദാരിദ്ര്യം, അജ്ഞത, സാമൂഹിക അസമത്വം ഇവ നിലനിൽക്കുന്നതുമൂലം അവശത അനുഭവിക്കുന്നവർക്ക് വിവിധ തരത്തിലുള്ള സഹായം ലഭ്യമാക്കുന്നത് ഉദ്ദേശിച്ച് 1975-ൽ സാമൂഹിക ക്ഷേമവകുപ്പ് രൂപീകൃതമായി. ജയിൽ വകുപ്പിൽ നിന്നു പ്രൊബേഷൻ സർവീസസ്, സ്പെഷ്യൽ ന്യൂട്രീഷൻ പ്രോഗ്രാം സ്പെഷ്യൽ ഓഫീസറുടെ കീഴിലുള്ള ന്യൂട്രീഷൻ പരിപാടികൾ എന്നിവ സംയോജിപ്പിച്ച് പ്രവർത്തനം തുടങ്ങി. ഇപ്പോൾ വിവിധ തരം കേന്ദ്രസർക്കാർ ക്ഷേമ പദ്ധതികളും വകുപ്പ് വഴി നടപ്പിലാക്കുന്നു. 6 വയസ്സിനു താഴെയുള്ള കുട്ടികൾ, അമ്മമാർ, ഗർഭിണികൾ, വയോജനങ്ങൾ, വികലാംഗർ, മുൻ തടവുകാർ തുടങ്ങി 10 ലക്ഷത്തോളം പേർക്ക് വകുപ്പിന്റെ നേരിട്ടുള്ള സേവനം ലഭിക്കുന്നു.

**ഭരണ നിർവഹണം**

സാമൂഹികക്ഷേമ ഡയറക്ടറേറ്റ്, മൂന്ന് മേഖലാ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ, ജില്ലാ തലത്തിൽ 14 സാമൂഹികക്ഷേമ ഓഫീസുകൾ, ബ്ലോക്ക് തലത്തിൽ 163 സംയോജിത ശിശു വികസന പദ്ധതി ഓഫീസുകൾ, പഞ്ചായത്ത് തലത്തിൽ 1153 സൂപ്പർവൈസർമാർ, വാർഡ് തലത്തിൽ 25393 അംഗൻവാടികൾ കൂടാതെ എല്ലാ ജില്ലകളിലുമായി 47 ക്ഷേമസ്ഥാപനങ്ങളും (വൃദ്ധസദനം, മഹിളാമന്ദിരം, വികലാംഗസദനം തുടങ്ങിയവ) പ്രവർത്തിക്കുന്നു.

1. ദർശനം (VISION)
   കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങൾക്കും വരും തലമുറയ്ക്കും അവരുടെ ശാരീരികവും മാനസികവും സാമൂഹികവും ആത്മീയവുമായ സർവതോമുഖമായ വികാസം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സ്ഥായിയും ഫലപ്രദവും ആയ പ്രവർത്തനങ്ങൾ നടപ്പിലാക്കി സാമൂഹികനീതി ഉറപ്പുവരുത്തുക.

2. പ്രതിബദ്ധത (MISSION)
   1. ആറുവയസ്സിന് താഴെയുള്ള കേരളത്തിലെ മുഴുവൻ കുട്ടികൾക്കും പ്രീ-സ്ക്കൂൾ വിദ്യാഭ്യാസം, പ്രതിരോധകുത്തിവയ്പ്, പോഷകാഹാരം എന്നിവ ലഭ്യമാക്കുന്നതിന് ഉതകുന്ന തരം പരിപാടികൾ നടപ്പിലാക്കും.
   2. പാലൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും ആരോഗ്യ പോഷാകാഹാര വിദ്യാഭ്യാസം, അനുപൂരക പോഷകാഹാരം, പ്രതിരോധ കുത്തിവയ്പ് എന്നിവ ലഭ്യമാക്കും.
   3. കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷാകാഹാരം, ജീവിതവിദ്യാഭ്യാസം എന്നിവ ലഭ്യമാക്കും.
   4. വികലാംഗരായ വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് നൽകും.
   5. പരിപാലനവും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾക്ക് സാമൂഹികാധിഷ്ഠിതമോ സ്ഥാപനങ്ങൾ വഴിയുള്ളതോ ആയ പുനരധിവാസ പരിപാടികൾ നടപ്പിലാക്കും.
   6. ജയിൽ മോചിതരായ ജീവപര്യന്ത തടവുകാർ, കോടതിയിൽ നിന്ന് നല്ലനടപ്പ് ജാമ്യത്തിൽ വിട്ടിട്ടുള്ളവർ, സാമൂഹികക്ഷേമ സ്ഥാപനങ്ങളിൽ നിന്ന് വിടുതൽ ചെയ്തിട്ടുള്ളവർ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് സ്ഥാപനേതരമായ സാമൂഹിക-മാനസിക പുനരധിവാസം ഉറപ്പാക്കും.
   7. സ്ത്രീകളുടേയും കുട്ടികളുടേയും ലഹരിമരുന്നുകൾക്കടിപ്പെട്ടവരുടേയും ശാക്തീകരണം, പുനരധിവാസം, ദത്തെടുക്കൽ എന്നിവ ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ ആവശ്യമായ മേൽനോട്ടം വഹിക്കും.
   8. കുടുംബത്തിലോ സമൂഹത്തിലോ പുനരധിവസിപ്പിക്കുവാൻ സാദ്ധ്യമല്ലാത്ത വിഭാഗത്തിലുള്ള കുട്ടികൾ, സ്ത്രീകൾ, മനോരോഗ വിമുക്തർ, ശാരീരിക വൈകല്യമുള്ളവർ, മാന

സികമായി വെല്ലുവിളി നേരിടുന്നവർ, വയോജനങ്ങൾ എന്നിവർക്ക് അനുയോജ്യമായ ക്ഷേമസ്ഥാപനങ്ങൾ വഴി സംരക്ഷണം ഉറപ്പാക്കും.

9. കുട്ടികൾ, കൗമാരക്കാർ, വനിതകൾ, വികലാംഗർ, വയോജനങ്ങൾ എന്നിവരുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പരിപാടികൾ ആവിഷ്കരിക്കും
10. സാമൂഹികക്ഷേമ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കും.

## ലഭ്യമാക്കുന്ന സേവനങ്ങൾ

### 1. മേഖലാ അസിസ്റ്റന്റ് ഡയറക്ടർ തലം

| ക്രമ നം. | ലഭ്യമാക്കുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ | ഫീസ് | പരമാവധി സമയം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | മഹിളാമന്ദിരം, വൃദ്ധ സദനം തുടങ്ങിയ സ്ഥാപനങ്ങളിലെ താൽകാലിക പ്രവേശനം ലഭിക്കുന്നവരുടെ സ്ഥിരപ്പെടുത്തൽ | ബന്ധപ്പെട്ട സൂപ്രണ്ടിന് അപേക്ഷ നൽകുക | വൃദ്ധസദനത്തിലേക്ക് 55 വയസ്സും, മഹിളാമന്ദിരത്തിലേക്ക് 18 വയസ്സും പൂർത്തിയായിരിക്കണം | ഇല്ല | 60 ദിവസത്തിനകം | |
| 2 | ജയിൽ മോചിതർ, നല്ല നടപ്പുകാർ, കുറ്റകൃത്യങ്ങൾക്കിരയായിട്ടുള്ളവർ തുടങ്ങിയവരുടെ പുനരധിവാസം (10,000/- രൂപയുടെ ധനസഹായം) | ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർ വഴി നിശ്ചിത ഫോറത്തിൽ | ജില്ലാ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിലുള്ളതോ കുറ്റകൃത്യങ്ങൾക്കിരയായിട്ടുള്ളവരോ | ഇല്ല | 60 ദിവസത്തിനകം അന്വേഷണം നടത്തി വിവരം അറിയിക്കും. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകും. | |
| 3 | ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളെ വിടുതൽ ചെയ്യുന്നത് | സ്ഥാപന സൂപ്രണ്ട് വഴി | സ്ഥിരപ്പെടുത്തിയ അന്തേവാസി | ഇല്ല | 30 ദിവസത്തിനകം അന്വേഷണം നടത്തി തീർപ്പാക്കും | |
| 4 | വികലാംഗർക്ക് വേണ്ടിയുള്ള ദീനദയാൽ റീഹാബിലിറ്റേഷൻ സ്കീം, ഉപകരണ വിതരണം (ADID) വൃദ്ധസദനങ്ങളുടെ കെട്ടിടനിർമ്മാണം, ഡീ-അഡിക്ഷൻ തുടങ്ങിയ കേന്ദ്ര സർക്കാർ പദ്ധതികളുടെ ധനസഹായത്തിനുള്ള പരിശോധന | നിശ്ചിത ഫോറത്തിൽ സെപ്തംബർ 30 വരെ അപേക്ഷ സ്വീകരിക്കും | രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾ | ഇല്ല | അപേക്ഷ സ്വീകരിച്ച കൈപ്പറ്റ് രസീത് 7 ദിവസത്തിനകം സംഘടനയ്ക്ക് നൽകുന്നതാണ്. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം പൂർത്തീകരിക്കും | |
| 5 | സാമൂഹിക ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അപേക്ഷാഫോറങ്ങൾ | വെള്ളക്കടലാസിൽ | ഗുണഭോക്താക്കൾ | ഇല്ല | 1 ദിവസം | |
| 6 | ക്ഷേമപ്രവർത്തന | വെള്ളക്കട | ഗുണഭോക്താ | ഇല്ല | 30 ദിവസത്തി | |

| | | | | | | |
|---|---|---|---|---|---|---|
| | ങ്ങളെ കുറിച്ചുള്ള പരതികൾ | ലാസിൽ | ക്കൾ | | നകം അന്വേഷണം നടത്തി യുക്തമായ നടപടി എടുക്കും. ഇക്കാര്യം പരാതിക്കാരെ അറിയിക്കും. | |

2. **ജില്ലാ സാമൂഹികക്ഷേമ ഓഫീസ്**

| ക്രമ നം. | ലഭ്യമാക്കുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ | ഫീസ് | പരമാവധി സമയം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം പരമാവധി 5000/- രൂപ | നിശ്ചിത ഫോറത്തിൽ ജില്ലാ സാമൂഹികക്ഷേമ ഓഫീസർക്ക് | വികലാംഗർ | ഇല്ല | 30 ദിവസത്തിനകം അന്വേഷണം സർക്കാരിന് റിപ്പോർട്ട് നൽകും. അനുവദിച്ചു ലഭിക്കുന്ന തുക 7 ദിവസത്തിനകം വിതരണം ചെയ്യും. | |
| 2 | മിശ്ര വിവാഹിതർക്ക് ധനസഹായം (5000/- രൂപ) | നിശ്ചിത ഫോറത്തിൽ അപേക്ഷ ജില്ലാ സാമൂഹികക്ഷേമ ഓഫീസർക്ക് | മിശ്ര വിവാഹിതരും വരുമാനം 24000/- രൂപയിൽ താഴെയുള്ളവരും | ഇല്ല | 60 ദിവസത്തിനകം അന്വേഷണം നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകും. | |
| 3 | വികലാംഗവിദ്യാർത്ഥികൾക്കുള്ള വാർഷിക സ്കോളർഷിപ്പ് (ഒന്നാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ) | സ്ഥാപനമേധാവി വഴി ജില്ലാ സാമൂഹിക ക്ഷേമ ഓഫീസർക്ക് ജൂൺ 30ന് മുമ്പ് | വികലാംഗ വിദ്യാർത്ഥികൾ | ഇല്ല | 30 ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് ശുപാർശ സഹിതം ജില്ലാ പഞ്ചായത്തിന് നൽകും | |
| 4 | അനാഥമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, ഫൗണ്ട്ലിങ് ഹോമുകൾ, യാചക മന്ദിരങ്ങൾ എന്നിവയുടെ സംരക്ഷണ ധനസഹായത്തിനുള്ള അപേക്ഷ | നിശ്ചിതഫോറത്തിൽ സെപ്തംബർ 30ന് മുമ്പ് | സന്നദ്ധസംഘടനകൾ | ഇല്ല | അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം അന്വേഷണം റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകും. | |
| 5 | ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അപേക്ഷാ ഫോറങ്ങൾ | | പൊതുജനം | ഇല്ല | 1 ദിവസം | |

3. **ജില്ലാ പ്രൊബേഷൻ ഓഫീസ്**

| ക്രമ നം. | ലഭ്യമാക്കുന്ന സേവനം | അപേക്ഷി ക്കേണ്ട വിധം | നിബന്ധനകൾ | ഫീ സ് | പരമാവധി സമയം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പരിപാലനവും പരിര ക്ഷയും ആവശ്യമു ള്ളതോ ഉപേക്ഷിക്ക പ്പെട്ടതോ ആയ കുട്ടിക ളുടെ പുനരധിവാസം | നേരിട്ടോ വെള്ളക്കട ലാസിലോ അപേ ക്ഷിക്കാം | 18 വയസ്സിന് താഴെയുള്ള കുട്ടി കൾക്ക് നേരിട്ട് അല്ലെങ്കിൽ ഏതൊരു പൗരനും | ഇല്ല | 1 ദിവസത്തിനകം ഫൗണ്ട്ലിങ് ഹോമുകളിലോ ചിൽഡ്രൻസ് ഹോമുകളിലോ പ്രവേശിപ്പിക്കുന്ന തിനുള്ള നടപടി സ്വീകരിക്കും | |
| 2 | പ്രൊബേഷൻ ഓഫീ സറുടെ മേൽനോട്ട ത്തിലുള്ള നല്ല നടപ്പ് ജാമ്യക്കാർ, മുൻ ജീവ പര്യന്തത്തടവുകാർ, മുൻചിൽഡ്രൻസ് ഹോം അന്തേവാസി കൾ, കുറ്റകൃത്യത്തിന് ഇരയായവർ, ജയിൽ ശിക്ഷ അനുഭവി ക്കുന്നവരുടെ ആശ്രി തർ എന്നിവർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ (വിദ്യാഭ്യാസം, ജോലി, വൈദ്യസഹായം, വീട് തുടങ്ങിയവക്ക് 10,000/- രൂപ വരെ) | ജില്ലാ പ്രൊബേ ഷൻ ഓഫീ സിൽ നിന്നും ലഭി ക്കുന്ന നിശ്ചിത അപേക്ഷ ഫോറം | മേൽനോട്ടത്തിനു ള്ളവർ, കുറ്റകൃ ത്യത്തിന് ഇരയാ യവർ, തടവുകാ രുടെ ആശ്രിതർ | ഇല്ല | 30 ദിവസത്തി നകം അപേക്ഷ യിൽ അന്വേ ഷണം നടത്തി ശുപാർശ മേഖലാ അസി സ്റ്റന്റ് ഡയറ ക്ടർക്കും നൽകും. ധനസ ഹായം ലഭ്യമാ യാൽ 15 ദിവസ ത്തിനകം ഗുണ ഭോക്താക്കൾക്ക് വിതരണം ചെയ്യും. | |
| 3 | ബാലനീതി നിയമം, പ്രൊബേഷൻ സമ്പ്രദായം, കുടുംബ കോടതി, ദത്തെടു ക്കൽ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, തെരുവു കുട്ടികൾക്കാ യുള്ള കേന്ദ്ര പദ്ധതി, ബാലവേല തട | വെള്ളക്കട ലാസിൽ | ഗുണഭോക്താവ് | ഇല്ല | 2 ദിവസത്തി നകം | |

| | | | | | | |
|---|---|---|---|---|---|---|
| | യുന്നതിനുള്ള പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള വിവരം | | | | | |

#### 4. ശിശുവികസന പദ്ധതി ഓഫീസ്

| ക്രമ നം. | ലഭ്യമാക്കുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ | ഫീസ് | പരമാവധി സമയം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | അംഗൻവാടി കുട്ടിയുടെ ജനന തീയതി സംബന്ധിച്ച വിവരം | വെള്ളക്കടലാസിൽ | അംഗൻവാടിയിൽ ചേർന്ന കുട്ടികളുടെ രക്ഷിതാക്കൾ | ഇല്ല | 7 ദിവസം | പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കുട്ടികളെ സ്ക്കൂളിൽ ചേർക്കുന്നതിന് |
| 2 | മാതൃ ശിശു സംരക്ഷണം, പോഷകാഹാരം, പ്രതിരോധ കുത്തിവയ്പ്, പ്രീ സ്ക്കൂൾ വിദ്യാഭ്യാസം, സ്ത്രീകളുടേയും കുട്ടികളുടേയും സ്ഥിതി വിവരകണക്കുകൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ | വെള്ളക്കടലാസിൽ | ഗുണഭോക്താവ് | ഇല്ല | 7 ദിവസം | |

#### 5. അംഗൻവാടി

| ക്രമ നം. | ലഭ്യമാക്കുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ | ഫീസ് | പരമാവധി സമയം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | അനുപൂരക പോഷകാഹാരം | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | ഗുണഭോക്താവ | ഇല്ല | ഗർഭിണിയായതു മുതൽ പ്രസവിച്ച് 6 മാസം വരെയുള്ള സ്ത്രീകൾ, 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | |

| | | | | | | |
|---|---|---|---|---|---|---|
| 2 | പ്രതിരോധകുത്തിവയ്പുകൾ | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | അതേ വാർഡിൽ താമസമുള്ളവർ | ഇല്ല | ഗർഭിണിയായതു മുതൽ പ്രസവിച്ച് 6 മാസം വരെയുള്ള സ്ത്രീകൾ, 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | |
| 3 | പ്രീ സ്ക്കൂൾ വിദ്യാഭ്യാസം | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | മൂന്ന് വയസ്സ് പൂർത്തിയായിരിക്കണം | ഇല്ല | 3 വയസ്സ് മുതൽ 6 വ.യസ്സുവരെ പ്രായമുള്ളവർ | |
| 4 | ആരോഗ്യ പരിശോധന | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | മാസത്തിലൊരിക്കൽ | ഇല്ല | ഗർഭിണിയായതു മുതൽ പ്രസവിച്ച് 6 മാസം വരെയുള്ള സ്ത്രീകൾ, 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | |
| 5 | ആരോഗ്യ പോഷകാഹാരവിദ്യാഭ്യാസം | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | മാസത്തിലൊരിക്കൽ | ഇല്ല | തീയതി അംഗൻവാടി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ് | |
| 6 | കുട്ടികളുടെ തൂക്കം പരിശോധിക്കുന്നു | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | മാസത്തിലൊരിക്കൽ | ഇല്ല | നിർദിഷ്ടദിവസം അംഗവാടി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും | |
| 7 | കൗമാരക്കാർക്ക് പോഷകാഹാരവിദ്യാഭ്യാസവും ശാക്തീകരണ പരിപാലനവും | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക | ആഴ്ചയിലൊരിക്കൽ | ഇല്ല | 11–18 പ്രായത്തിലുള്ള പെൺകുട്ടികൾ | |
| 8 | ബാലികാ സമൃദ്ധി യോജന (500 രൂപ.യുടെ ധനസഹായവും 1 മുതൽ 10 ക്ലാസ് വരെ സ്കോളർഷിപ്പും) | നിർദിഷ്ട ഫോറത്തിൽ അപേക്ഷ അംഗൻവാടി വഴി സി.ഡി.പി.ഒ.യ്ക്ക് നൽകുക. | ഒരമ്മയുടെ രണ്ട് പെൺമക്കൾക്ക് (14.08.97ന് ശേഷം ജനിച്ചത്) | ഇല്ല | 30 ദിവസത്തിനകം അപേക്ഷ അന്വേഷിച്ച് ശുപാർശ നൽകും. ഫണ്ട് ലഭ്യമാകുന്ന അവസരത്തിൽ 7 ദിവസത്തിനകം തുക വിതരണം ചെയ്യും | |
| 9 | പോഷകാഹാരം, ശുചിത്വം, പ്രതിരോധ കുത്തിവയ്പ് തുടങ്ങിയവയെക്കുറിച്ചുള്ള വിവരം | വെള്ളക്കടലാസിൽ അപേക്ഷിക്കണം | ഗുണഭോക്താക്കൾ ഇല്ല | ഇല്ല | 2 ദിവസത്തിനകം | |

6. **ക്ഷേമ സ്ഥാപനങ്ങൾ**

| ക്രമ നം. | ലഭ്യമാക്കുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ | ഫീസ് | പരമാവധി സമയം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ആഹാരം, വസ്ത്രം, ചികിത്സ, മാനസികോല്ലാസ പരിപാടികൾ, തൊഴിൽ പരിശീലനം | വെള്ളക്കടലാസിൽ ബന്ധപ്പെട്ട സൂപ്രണ്ടിന് | അനാഥരും ആലംബഹീനരുമായ ജനങ്ങൾ, മഹിളകൾ, മാനസിക രോഗം ഭേദമായവർ, വികലാംഗർ, ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾ എന്നീ വിഭാഗങ്ങളിൽ ഉള്ളവർക്കുള്ള പ്രത്യേക സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നു | ഇല്ല. ആശാഭവൻ, വൃദ്ധസദനം എന്നിവിടങ്ങളിൽ വാർഷികവരുമാനം 20,000/- രൂപയിൽ കൂടുതൽ ഉള്ളവരിൽ നിന്നും പ്രതിമാസം 500/- രൂപ ഇടാക്കുന്നു | 1 ദിവസം | പ്രൊട്ടക്ടീവ് ഹോം, സ്പെഷ്യൽ ഹോം, റെസ്ക്യൂ ഹോം എന്നിവിടങ്ങളിൽ കോടതി ഉത്തരവ് പ്രകാരം പ്രവേശനം നൽകുന്നു. മറ്റുള്ളവരുടെ പ്രവേശനം സ്ഥിരപ്പെടുത്തുന്നത് ആർ.എ.ഡി. ആകുന്നു. |
| 2 | വിദ്യാഭ്യാസം | വെള്ളക്കടലാസിൽ വി.റ്റി.സി. സൂപ്രണ്ടിന് നൽകുക | വികലാംഗർ ആയിരിക്കണം | ഇല്ല | കോഴ്സിന് അപേക്ഷ പത്രപരസ്യം വഴി ക്ഷണിക്കുന്നു | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിങ് സെന്ററുകളിൽ കംപ്യൂട്ടർ പഠനം, ബുക്ക് ബൈൻഡിങ് തുടങ്ങിയവ പരിശീലിപ്പിക്കുന്നു. മാസം 200/- രൂപ സ്റ്റൈപന്റ് നൽകുന്നു. |

7. **മേഖലാ സ്ത്രീധന നിരോധന ഓഫീസർ തലത്തിൽ**

| ക്രമ നം. | ലഭ്യമാക്കുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ | ഫീസ് | പരമാവധി സമയം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | സ്ത്രീധന നിരോധന നിയമം സംബന്ധിച്ചുള്ള പരാതികളെക്കുറിച്ച് പ്രാഥമിക അന്വേ | വെള്ളക്കടലാസിൽ എഴുതി നേരിട്ട് | സ്ത്രീധന നിരോധന നിയമത്തിന്റെ പരിധിയിൽ | ഇല്ല | 1 മാസം | - |

| | | | | | | |
|---|---|---|---|---|---|---|
| | ഷണം നടത്തുന്നു | സമർപ്പിക്കാവുന്നതാണ് | വരുന്ന തരം പരാതികൾ | | | |
| 2 | ആവശ്യമെങ്കിൽ തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നു | – | സ്ത്രീധന നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന തരം പരാതികൾ | – | – | – |
| 3 | സ്ത്രീധന നിരോധനം സംബന്ധിച്ച ബോധവൽക്കരണം | – | – | – | – | |

**പരാതി പരിഹാരം**

ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉത്ഭവിക്കുകയാണെങ്കിൽ താഴെ പറയുന്ന തലത്തിൽ പരാതി നൽകാവുന്നതും ടി പരാതിയെ തുടർന്ന് എടുത്ത നടപടിയെക്കുറിച്ച്15 ദിവസത്തിനകം പരാതിക്കാരനെ അറിയിക്കുന്നതുമാണ്.

| ക്രമ നം. | പരാതി ഉത്ഭവിക്കുന്ന സ്ഥലം | പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ | അപ്പീൽ |
|---|---|---|---|
| 1 | അംഗൻവാടികൾ | സി.ഡി.പി.ഒ | ജില്ലാ സാമൂഹികക്ഷേമ ഓഫീസർ |
| 2 | ക്ഷേമ സ്ഥാപനങ്ങൾ | ജില്ലാ സാമൂഹികക്ഷേമ ഓഫീസർ | മേഖലാ അസിസ്റ്റന്റ് ഡയറക്ടർ |
| 3 | ഐ.സി.ഡി.സ്. ഓഫീസ് | ജില്ലാ സാമൂഹികക്ഷേമ ഓഫീസർ | മേഖലാ അസിസ്റ്റന്റ് ഡയറക്ടർ |
| 4 | ജില്ലാ പ്രൊബേഷന് ഓഫീസ് | മേഖലാ അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹികക്ഷേമ ഡയറക്ടർ |
| 5 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് | മേഖലാ അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹികക്ഷേമ ഡയറക്ടർ |
| 6 | മേഖലാ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് | സാമൂഹികക്ഷേമ ഡയറക്ടർ | സാമൂഹികക്ഷേമ സെക്രട്ടറി |

പൊതുജന പങ്കാളിത്തം

പൊതുജന പങ്കാളിത്തം ക്ഷേമ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് അനിവാര്യമാണ്. ഇത് ഉദ്ദേശിച്ച് സാമൂഹിക പ്രവർത്തകർ, മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ക്ഷേമസമിതികൾ രൂപീകരിക്കുന്നു. ഇത്തരം ക്ഷേമ സമിതികൾ അംഗൻവാടി തലത്തിലും ക്ഷേമ സ്ഥാപനതലത്തിലും നിലവിലുണ്ട്. പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ഇത്തരം സമിതികൾ നേതൃത്വം നൽകുന്നു.

## കേരളസർക്കാർ

**സംഗ്രഹം**

സാമൂഹികക്ഷേമ വകുപ്പ് - സംസ്ഥാന സാമൂഹികക്ഷേമ വകുപ്പിന്റെ പൗരാവകാശരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

സാമൂഹികക്ഷേമ(സി)വകുപ്പ്

സ.ഉ.(എം.എസ്.) നം.30/2006/സാ.ക്ഷേ.വ. തിരുവനന്തപുരം, തീ.29/8/2006

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം :- സാമൂഹികക്ഷേമ ഡയറക്ടറുടെ 29/6/2006 -ലെ എഫ്.1/19928/05 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാമൂഹികക്ഷേമ വകുപ്പിന്റെ പൗരാവകാശരേഖ സാമൂഹികക്ഷേമ വകുപ്പ് ഡയറക്ടർ തയ്യാറാക്കി പരാമർശത്തിലെ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് അയച്ചിരുന്നു. സർക്കാർ പ്രസ്തുത രേഖ പരിശോധിച്ച് അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. പൗരാവകാശരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ബേബി രാമൻ
അഡീഷണൽ സെക്രട്ടറി

സാമൂഹികക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്/എ&ഇ, കേരളം, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
സാമൂഹികക്ഷേമവകുപ്പ് മന്ത്രിയുടെ പി.എസിന്,
പി&എ, ആർ.ഡി. വകുപ്പ്,
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ